"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്-ലൈഫ് മിഷൻ-2021-22-ലെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും 50 കോടി രൂപ (അൻപതു കോടി രൂപ) ഭവന സമുച്ചയങ്ങളുടെ പണി പൂർത്തീകരിക്കുന്നതിനായി അനുവദിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ(ഡിബി) വകുപ്പ്**

സ.ഉ.(സാധാ) നം.592/2022/LSGD തീയതി,തിരുവനന്തപുരം, 11-03-2022

പരാമർശം:-
1. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 8/10/2021 തീയതിയിലെ എൽ.എം.5/ലൈഫ്/2021 നമ്പർ കത്ത്.
2. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 13/01/2022 തീയതിയിലെ എൽ.എം.1/15/2021 നമ്പർ കത്ത്.

**ഉത്തരവ്**

വ്യക്തിഗത ഭവനനിർമ്മാണത്തിനുള്ള സംസ്ഥാന വിഹിതം അനുവദിക്കുന്നതിനും ഭവനസമുച്ചയങ്ങളുടെ നിർമ്മാണത്തിനും ലൈഫ് മിഷന്റെ ഭരണ ചെലവിനും വ്യക്തിഗത ഭവനനിർമ്മാണത്തിനുള്ള സംസ്ഥാന വിഹിതം നൽകുന്നതിന് ഹഡ്കോ-ൽ നിന്നും ലഭ്യമാക്കിയിട്ടുള്ള ലോണിന്റെ (550 കോടി രൂപ) മുതൽ തുക തിരിച്ചടവിനുമാണ് 4515-00-102-49 -റൂറൽ എന്ന ശീർഷകത്തിൽ 410.41 കോടി രൂപയുടെ തുക ബജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതെന്നും ഇതിൽ നിന്നും മൽസ്യ തൊഴിലാളി വിഭാഗത്തിൽ അർഹരായിട്ടുള്ള ഗുണഭോക്താക്കളിൽ എഗ്രിമെന്റ് വെച്ച് നിർമാണം ആരംഭിച്ചിട്ടുള്ളവർക്കും ലൈഫ് മൂന്നാം ഘട്ടം ഭൂരഹിത ഭവനരഹിതർക്കുള്ള ഭവന നിർമാണം ആരംഭിച്ചവർക്കും ഒരു ലക്ഷം രൂപ സംസ്ഥാന വിഹിതമായി നൽകുന്നതിനും ലൈഫ് ഭവന സമുച്ചയങ്ങളുടെ പണി പൂർ ത്തീകരിക്കുന്നതിനുമായി 144.60 കോടി രൂപ അടിയന്തരമായി ആവശ്യമുണ്ടെന്നും പ്രസ്തുത തുക ലൈഫ് മിഷന്റെ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള PSTSB Account No. 799012700001688-ലേക്ക് മാറ്റി നൽകേണ്ടതാണെന്നും പരാമർശം (1) പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അഭ്യർത്ഥിച്ചിരുന്നു. തുടർന്ന് അടിയന്തരമായി പണി പൂർ ത്തിയാക്കേണ്ട ലൈഫ് ഭവന സമുച്ചയങ്ങളുടെ പ്രവൃത്തകൾക്കായി 140.80 കോടി രൂപ അനുവദിക്കണമെന്നും പരാമർശം (2) പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ലൈഫ് മിഷന്റെ 4515-00-102-49 (പി.വി) സമ്പൂർണ്ണ ഭവനപദ്ധതി-ഗ്രാമം (ലൈഫ് പാർപ്പിട മിഷൻ) ശീർഷകത്തിൽ 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതമായ 410.41 കോടി രൂപയിൽ നിന്നും 50 കോടി രൂപ (അൻപതു കോടി രൂപ മാത്രം ) ലൈഫ് ഭവന സമുച്ചയങ്ങളുടെ പണി പൂർത്തീകരിക്കുന്നതിനായി അനുവദിച്ചു കൊണ്ടും പ്രസ്തുത തുക ലൈഫ്

മിഷന്റെ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള PSTSB Account No. 799012700001688-ലേക്ക് മാറി നൽകുന്നതിന് അനുമതി നൽകികൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിജു പ്രഭാകർ

സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്(No.DEV-2/144/2021-FIN dated 16/02/2022).
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വെബ് &ന്യൂ മീഡിയ വിംഗ്, ഐ&പിആർഡി, തിരുവനന്തപുരം.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Reenamma P A**
**Date: 11-03-2022 12:28:04**

സെക്ഷൻ ഓഫീസർ